**പതിനാലാം കേരള നിയമസഭ**

പത്തൊൻപതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1004 | 10.03.2020 ൽ മറുപടിയ്ക്ക് |
|---|---|

**കുട്ടികളെ അങ്കണവാടിയിൽ ചേർക്കുന്നതിനുള്ള പ്രായം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റോജി എം. ജോൺ** | **കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) കുട്ടികളെ അങ്കണവാടിയിൽ ചേർക്കുന്നതിനുള്ള പ്രായം മൂന്ന് വയസ്സിൽ നിന്നും കുറയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; അതിനുള്ള കാരണമെന്താണ്; വ്യക്തമാക്കാമോ; | (എ) 30.01.2020 ന് ചേർന്ന ഐ സി ഡി എസ് മിഷൻ 4-ാമത് ഗവേണിംഗ് ബോഡി യോഗതീരുമാനപ്രകാരം പരീക്ഷണാടിസ്ഥാനത്തിൽ രണ്ട് മുതൽ മൂന്ന് വയസ്സ് വരെയുള്ള കുട്ടികളെ പ്രീസ്കൂൾ കുട്ടികൾക്കൊപ്പം അങ്കണവാടിയിൽ പ്രവേശിപ്പിക്കുന്നതിന് തീരുമാനിക്കുകയും ഇവർക്കായി പ്രത്യേക അഡ്മിഷൻ രജിസ്റ്റർ സൂക്ഷിക്കുന്നതിന് ആവശ്യമായ സർക്കുലർ പുറപ്പെടുവിക്കുന്നതിന് വനിതാ ശിശു വികസന ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br>ദേശീയ പ്രാരംഭകാല വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനത്തിൽ 3 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികളെയാണ് അങ്കണവാടികളിൽ പ്രവേശിപ്പിച്ചു പോരുന്നത്. എന്നാൽ നിലവിലെ ജീവിത സാഹചര്യത്തിൽ പിതാവിനൊപ്പം മാതാവിനും തൊഴിലുമായി ബന്ധപ്പെട്ട് കുട്ടികളിൽ നിന്ന് അകന്നു നിൽക്കേണ്ട അവസ്ഥയായതിനാൽ പ്രീസ്കൂൾ കുട്ടികൾക്കൊപ്പം (3-6 വയസ്സ് വരെയുള്ള) രണ്ട് മുതൽ മൂന്ന് വയസ്സ് വരെയുള്ള കുട്ടികളെക്കൂടി |

| | |
|---|---|
| | അങ്കണവാടിയിൽ പ്രവേശിപ്പിക്കുന്നത് അവർക്ക് കൂടുതൽ സംരക്ഷണവും പരിചരണവും ലഭ്യമാകുന്നതിനും വളർച്ചാ നിരീക്ഷണം, പോഷണം എന്നിവ യഥാക്രമം ലഭ്യമാകുന്നതിനും വഴിയൊരുക്കും. |
| (ബി) സംസ്ഥാനത്ത് അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്ന് അറിയിക്കാമോ? | (ബി) ഉണ്ട്. 15 അങ്കണവാടി കം ക്രഷുകൾ ആരംഭിക്കുന്നതിനായി ഉദ്ദേശിക്കുന്നു. |

Bindu

**സെക്ഷൻ ഓഫീസർ**